3232/13/14

# പതിമൂന്നാം കേരളനിയമസഭ
## പതിനൊന്നാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.6727** **10/07/2014-ൽ മറുപടിക്ക്**

## കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷന്റെ മരുന്നു വിതരണം

**ചോദ്യം**

**ശ്രീ. ബാബു എം. പാലിശ്ശേരി**

**മറുപടി**

**ശ്രീ. വി. എസ്. ശിവകുമാർ**
**(ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പ് മന്ത്രി)**

---

| | | | |
|---|---|---|---|
| (എ) | കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ എത്ര കോടി രൂപയുടെ മരുന്നുകളാണ് ശരാശരി ഒരു വർഷം വാങ്ങി വിതരണം നടത്തുന്നതെന്ന് വ്യക്തമാക്കുമോ ; | (എ) | കേരളാ മെഡിക്കൽ സർവ്വീസ്സസ് കോർപ്പറേഷൻ കഴിഞ്ഞ രണ്ടു വർഷങ്ങളിൽ ശരാശരി 290 കോടി രൂപയുടെ മരുന്നുകളാണ് വാങ്ങി വിതരണം നടത്തിയത്. (2008-09 മുതലുള്ള ശരാശരി 200 കോടിരൂപയാണ്). |
| (ബി) | കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷന്റെ അനാസ്ഥ മൂലം മരുന്ന് നശിക്കാനിടയായതു സംബന്ധിച്ച് അന്വേഷണം നടത്തിയിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ ; | (ബി) & (സി) | കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷന്റെ അനാസ്ഥകൊണ്ട് മരുന്നുകൾ നശിക്കാനിടയായിട്ടില്ല. |
| (സി) | ഉണ്ടെങ്കിൽ എത്ര രൂപയുടെ മരുന്നാണ് ഉപയോഗശൂന്യമായതെന്ന് വെളിപ്പെടുത്തുമോ ; | | |
| (ഡി) | സർക്കാർ ആശുപത്രികളിൽ മരുന്നുക്ഷാമം നേരിടുമ്പോൾ മരുന്ന് നശിക്കാനിടയായതിന്റെ കാരണം എന്താണ് ; വിശദാംശം വ്യക്തമാക്കാമോ ? | (ഡി) | സംസ്ഥാന ആരോഗ്യ വകുപ്പിൽ നിന്നും, ആരോഗ്യ വിദ്യാഭ്യാസ വകുപ്പിൽ നിന്നും ലഭിക്കുന്ന ഇൻഡന്റ് അനുസരിച്ചുള്ള മരുന്നുകളാണ് കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ മുഖേന സംഭരിച്ച് സർക്കാർ ആശുപത്രികൾക്ക് നൽകി വരുന്നത്. ആശുപത്രികളിൽ ക്ഷാമം നേരിടുന്ന മരുന്നുകൾ കോർപ്പറേഷൻ വെയർഹൗസിൽ കെട്ടിക്കിടന്ന് നശിക്കുന്ന സാഹചര്യം ഉണ്ടായിട്ടില്ല. |

സെക്ഷൻ ഓഫീസർ